# Note

## കരിപ്പൂർ പോലീസ് സ്റ്റേഷൻ

I. 20.05.2023 തിയ്യതി കാലിക്കറ്റ് ഇൻറർ നാഷണൽ എയർപോർട്ടിലൂടെ കസ്റ്റംസ് അധികാരികളെ വെട്ടിച്ച് സ്വർണ്ണം കടത്തി കൊണ്ടു വരുന്നുണ്ടെന്നുള്ള രഹസ്യവിവരത്തിൻെറ അടിസ്ഥാനത്തിൽ കരിപ്പൂർ പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ ഷിബു.പി പാർട്ടിയുമൊന്നിച്ച് എയർപോർട്ട് പരിസരത്ത് നിരീക്ഷണം നടത്തി വരവെ 19.15 മണിയുടെ ദോഹയിൽ നിന്നുള്ള എയർ ഇൻഡ്യ എക്സ്പ്രസ്സ് IX 376 വിമാനത്തിൽ വന്ന യാത്രക്കാർ പുറത്തിറങ്ങുന്ന സമയം ഇൻറർ നാഷണൽ അറൈവൽ ബിൽഡിംഗിൻെറ മുൻവശം വിദേശത്തു നിന്നും വന്ന ഒരാൾ പരിഭ്രമത്തോടെ ആരെയോ തിരയുന്നത് കാണപ്പെട്ട് ടിയാളുടെ അടുത്ത് ചെന്ന് വിവരം അന്വേഷിച്ചതിൽ ടിയാൻ കൂടുതൽ പരിഭ്രമിക്കുന്നതായി കാണപ്പെടുകയും ശേഷം ടിയാൻെറ പേരും വിലാസവും ചോദിച്ചതിൽ പുത്തൻതെരുവിൽ **നിഷാദ് S/o അബ്ദുൾ മജീദ്, വ, 30/23, പുത്തൻ തെരുവിൽ വീട്, തച്ചംപൊയിൽ പോസ്റ്റ്, കോഴിക്കോട് ജില്ല ഫോൺ 8086155321 Passport No. U 0229824** എന്ന് പറഞ്ഞ് തരികയും ടിയാൻ ദോഹയിൽ നിന്നും ഫ്ലൈറ്റിൽ വന്നതാണെന്ന് ബോധ്യപ്പെട്ടതിൽ വിദേശത്ത് നിന്നും അനധികൃതമായി സ്വർണ്ണം കൊണ്ടു വന്നിട്ടുണ്ടോ എന്ന് ചോദിച്ച സമയം ടിയാൻ കൂടുതൽ അസ്വസ്ഥനാവുകയും ടിയാന് ശാരീരിക അസ്വാസ്ഥ്യം അനുഭവപ്പെട്ടതിൽ പുളിക്കൽ ബി എം ആശുപത്രിയിൽ എത്തിച്ച് വൈദ്യപരിശോധന നടത്തി ഡോക്ടറുടെ നിർദ്ദേശ പ്രകാരവും ടിയാൻെറ സമ്മതത്തോടെയും എക്സറേ എടുത്തതിൽ ടിയാൻെറ ഉദരഭാഗത്ത് ശരീരത്തിൽ പുറത്ത് നിന്നുള്ള ഏതോ രണ്ട് വസ്തുക്കൾ കാണുന്നതായി ഡോക്ടർ പറഞ്ഞതിൽ ടിയാനെ എയർപോർട്ട് എയ്ഡ് പോസ്റ്റിൽ എത്തിച്ച് വിശദമായി ചോദ്യം ചെയ്തതിൽ ടിയാൻെറ മലദ്വാരത്തിൽ സ്വർണ്ണം വെച്ചിട്ടുണ്ടെന്ന് പറയുകയും തുടർന്ന് ടിയാൻ മലദ്വാരത്തിൽ നിന്നും സ്വർണ്ണം അടങ്ങിയതെന്ന് കരുതുന്ന ഗുളിക രൂപത്തിലുള്ള രണ്ട് വസ്തുക്കൾ തരികയും ആയത് കഴുകി വൃത്തിയാക്കിയ ശേഷം ടി വസ്തുക്കൾ ബന്തവസിലെടുക്കുന്നതിനും മറ്റുമുള്ള തുടർനടപടികൾക്കായി സാക്ഷ്യം വഹിക്കുന്നതിന് ബഹുമാനപ്പെട്ട മലപ്പുറം ജില്ലാ പോലീസ് മേധാവിയുടെ നിർദ്ദേശ പ്രകാരം എയർപോർട്ട് ഡ്യൂട്ടിയിലുള്ള ഒരു കസ്റ്റംസ് ഉദ്യോഗസ്ഥനെ നിർദ്ദേശിച്ച് അയക്കാൻ കസ്റ്റംസ് ഡെപ്യൂട്ടി

കമ്മീഷണർ മുമ്പാകെ ഒരു റിപ്പോർട്ട് തയ്യാറാക്കി അയച്ച് കൊടുത്തിട്ടുള്ളതും ആയതിൻെറ വിവരം ലഭിക്കുന്നതിനായി കാത്തിരിക്കുകയും ശേഷം ഫോൺ മുഖേന കസ്റ്റംസുമായി ബന്ധപ്പെട്ടതിൽ ഉദ്യോഗസ്ഥർ ലഭ്യമല്ല എന്ന വിവരം അറിഞ്ഞ പ്രകാരം എയ്ഡ് പോസ്റ്റിൽ വെച്ച് ഇൻവെസ്റ്റിഗേഷൻ കിറ്റിലുള്ള ത്രാസ്സിൽ വെച്ച് ടി കാപ്സ്യൂളുകൾ തൂക്കി നോക്കിയതിൽ **570gm തൂക്കം കണ്ടിട്ടുള്ളതാണ്.** ടിയാൻ നിലവിലുള്ള കസ്റ്റംസ് നിയമങ്ങൾക്ക് വിരുദ്ധമായി സ്വർണ്ണം മിശ്രിത രൂപത്തിൽ പാക്ക് ചെയ്ത് രണ്ട് കാപ്സ്യൂളുകളാക്കി സ്വന്തം ശരീരത്തിൽ ഒളിപ്പിച്ച നിലയിൽ കൊണ്ടു വന്നത് 21.30 മണിക്ക് സാക്ഷികളുടെ സാന്നിദ്ധ്യത്തിൽ ബന്തവസിലെടുത്ത് ടിയാനെ വിശദമായി ചോദ്യം ചെയ്യുന്നതിനായി സ്റ്റേഷിനിൽ കൊണ്ടുവന്ന് വിശദമായി ചോദ്യം ചെയ്തിട്ടുള്ളതാണ്. ടിയാൻെറ **Passport No. U 0229824** നമ്പറിലുള്ള പാസ്പോർട്ട് സ്റ്റേഷനിൽ വെച്ച് അന്നേ ദിവസം 22.00 മണിക്ക് ബന്തവസിലെടുത്തിട്ടുള്ളതുമാണ്.

പുത്തൻതെരുവിൽ നിഷാദ് എന്നയാൾ സ്വന്തം ശരീരത്തിൽ ഒളിപ്പിച്ച് കൊണ്ടുവന്ന വസ്തുവിൽ സ്വർണ്ണം അടങ്ങിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ആയത് ഉരുക്കി കട്ടിയാക്കി ആയതിൻെറ പ്യൂരിറ്റി നിർണ്ണയിച്ച് തരുന്നതിനുമായി അംഗീകൃത ഗോൾഡ് അപ്രൈസർ ഉണ്ണികൃഷ്ണൻ എന്നയാളുടെ അശ്വതി ഗോൾഡ് വർക്സ് കൊണ്ടോട്ടി എന്ന സ്ഥാപനത്തിൽ 21.05.2023 തിയ്യതി കാലത്ത് 09.00 മണിക്ക് ഹാജരാക്കി ആയത് തൂക്കി നോക്കിയതിൽ മൊത്തം 570 gm ഉണ്ടെന്നും ശേഷം ആയത് ഉരുക്കി നോക്കിയതിൽ സ്വർണ്ണമാണെന്ന് ബോധ്യപ്പെടുകയും ടി സ്വർണ്ണം ഉരുക്കി സ്വർണ്ണകട്ടിയാക്കി തൂക്കിയതിൽ 523 gm തൂക്കം കാണുകയും ശേഷം ഉരുക്കി തന്ന സ്വർണ്ണകട്ടി സ്ഥലത്ത് വെച്ച് സീഷർ മഹസ്സർ പ്രകാരം ബന്തവസിലെടുത്തിട്ടുള്ളതുമാണ്.

അനധികൃതമായി സ്വർണ്ണം കടത്തിയ പുത്തൻതെരുവിൽ നിഷാദ് എന്നയാളെ ബഹുമാനപ്പെട്ട കോടതിയോ പോലീസോ കസ്റ്റംസോ ആവശ്യപ്പെടുന്ന സമയത്തും സ്ഥലത്തും ഹാജരാവണം എന്ന വ്യവസ്ഥയിൽ ബന്ധുക്കൾക്ക് കച്ചീട്ടിൽ വിട്ടു കൊടുത്തിട്ടുള്ളതാണ്.

സ്വർണ്ണം മിശ്രിത രൂപത്തിൽ ശരീരത്തിൽ ഒളിപ്പിച്ച് കൊണ്ടുവന്നത് കുറ്റകൃത്യത്തിൽ ഉൾപ്പെട്ടതാണെന്നുള്ള ഉത്തമ വിശ്വാസത്തിൽ ടിയാൻെറ കൈവശം കാണപ്പെട്ട **Passport No. U 0229824** പാസ്സ്പോർട്ട് ബന്തവസിലെടുത്ത് റിപ്പോർട്ട് സഹിതം തുടർ

നടപടികൾക്കായി കസ്റ്റംസ് പ്രിവൻറീവ് ഡിപ്പാർട്ട്മെൻറ്, ഇൻവെസ്റ്റിഗേഷൻ ടീം അസിസ്റ്റൻറ് കസ്റ്റംസ് കമ്മീഷണർ മുമ്പാകെയും അംഗീകൃത ഗോൾഡ് അപ്രൈസർ ഉരുക്കി വേർതിരിച്ച് കിട്ടിയ 523 gm തൂക്കം വരുന്ന സ്വർണ്ണ കട്ടി u/s 102 CrPC റിപ്പോർട്ട് സഹിതം ഫോം 151(A) പ്രകാരം ബഹുമാനപ്പെട്ട ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി –1 മഞ്ചേരി മുമ്പാകെയും യഥാസമയം തുടർനടപടികൾക്കായി സമർപ്പിച്ചിട്ടുള്ളതാണ്. ആയത് ബഹു കോടതി Item No 574/23 ആയി ബഹു കോടതി ഫയലിൽ സ്വീകരിച്ചിട്ടുള്ളതുമാണ്. ആയതിൻെറ CMP No. 2186/2023 ആണ്.

കസ്റ്റംസ് നിയമങ്ങൾ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടത് എയർ കസ്റ്റംസ് വിഭാഗമായതിനാൽ തുടർനടപടികൾ സ്വീകരിക്കുന്നതിലേക്കായി കാലിക്കറ്റ് ഇൻറർ നാഷണൽ എയർപോർട്ട് എയർ കസ്റ്റംസ് ഡെപ്യൂട്ടി കമ്മീഷണർ, അസ്സിസ്റ്റൻറ് കസ്റ്റംസ് കമ്മീഷണർ കസ്റ്റംസ് പ്രിവൻറീവ് ഡിപ്പാർട്ട്മെൻറ്, ഇൻവെസ്റ്റിഗേഷൻ ടീം എന്നിവർക്ക് വിശദമായ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്.

തുടർന്ന് 30.10.2023 തിയ്യതി സൂപ്രണ്ട് ഓഫ് കസ്റ്റംസ് ( പ്രിവൻറീവ്) കസ്റ്റംസ് പ്രിവൻറീവ് ഡിവിഷൻ കോഴിക്കോട് തുടർ നടപടികൾക്കായി ബഹു കോടതിയിൽ സമർപ്പിച്ച Item No 574/23 പ്രകാരമുള്ള സ്വർണ്ണകട്ടി വിട്ടു കിട്ടുന്നതിനായി ബഹു കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും അനധികൃത സ്വർണ്ണകടത്തുമായി ബന്ധപ്പെട്ട കാര്യത്തിൽ തുടർനടപടി കൾ സ്വീകരിക്കേണ്ടത് കസ്റ്റംസ് പ്രിവൻറീവ് ഡിപ്പാർട്ട്മെൻറ് ആയതിനാൽ ടി സ്വർണ്ണകട്ടി വിട്ടു കൊടുക്കുന്നതിന് വിരോധമില്ല എന്നുള്ള റിപ്പോർട്ട് പോലീസ് 06.12.23 തിയ്യതി ബഹുമാനപ്പെട്ട കോടതിയിൽ സമർപ്പിച്ചിട്ടുള്ളതുമാണ്.

**<u>കൊണ്ടോട്ടി പോലീസ് സ്റ്റേഷൻ</u>**

2. 16.10.2023 തിയ്യതി രാവിലെ 10.00 മണിക്ക് കാലിക്കറ്റ് എയർപോർട്ടിൽ നിന്നും KL 10 AJ 0365 നമ്പർ ഷെവർലെറ്റ് ടവേര വാഹനത്തിൽ ഒരാൾ സ്വർണ്ണം കടത്തി കൊണ്ടോട്ടി വഴി വരുന്നുണ്ടെന്നുള്ള വിശ്വാസ യോഗ്യമായി വിവരം ലഭിച്ചതിൻെറ അടിസ്ഥാനത്തിൽ കൊണ്ടോട്ടി പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടറായിരുന്ന ശ്രീ. മനോജ്.കെ.എൻ പാർട്ടിയുമൊന്നിച്ച് ഡിപ്പാർട്ട്മെൻറ് വാഹനത്തിൽ മേൽ വാഹനത്തെ പിൻതുടർന്ന് മഞ്ചേരി രാജീവ് ഗാന്ധി ബൈപ്പാസ് റോഡിലെ ഫർസാ

ഹോട്ടലിൻെറ പാർക്കിംങ് ഗ്രൗണ്ടിൽ വെച്ച് ടി വാഹനം തടഞ്ഞ് നിർത്തി വാഹനം കസ്റ്റഡിയിലെടുത്ത് ടി വാഹനത്തിൽ ഉണ്ടായിരുന്ന ആളുകളോട് ആരാണ് വിദേശത്തു നിന്നും വന്നതെന്ന് ചോദിച്ചതിൽ വാഹനത്തിൻെറ നടുവിലെ സീറ്റിലിരുന്ന ആൾ ടിയാനാണ് വിദേശത്തു നിന്ന് വന്നതെന്നും ടിയാനോട് പേരും വിലാസവും ചോദിച്ചതിൽ **മുഹമ്മദ് സമ്മദ് വയസ്സ് 35/23 S/o അബ്ദുറഹ്മാൻ, പറച്ചിക്കോടൻ ഹൗസ്, മാളിയേക്കൽ, അമ്പലക്കടവ് പോസ്റ്റ്, കാളികാവ്, മലപ്പുറം ഫോൺ 9495232795** എന്ന് പറഞ്ഞിട്ടുള്ളതും ടിയാൻെറ ശരീരത്തിന് കുറുകെ ഇട്ടിരുന്ന Fashion Jin Paidi എന്ന ആഷ് കളർ ബാഗ് തുറന്ന് കാണിക്കാൻ ആവശ്യപ്പെട്ടതിൽ ആയതിനകത്ത് വെളുത്ത ടിഷ്യൂ പേപ്പറിൽ ഒരു കറുത്ത നിറത്തിലുള്ള എന്തോ ലികിഡ് രൂപത്തിലുള്ള വസ്തു ട്രാൻസ്പാരൻറ് പോളിത്തീൻ കവറിൽ പൊതിഞ്ഞ നിലയിൽ കാണപ്പെട്ടത് എന്താണെന്ന് ചോദിച്ചതിൽ സ്വർണ്ണമാണെന്ന് മറുപടി പറയുകയും ടിയാനെ വിശദമായി ചോദ്യം ചെയ്തതിൽ വിദേശത്തു നിന്നും വരുന്ന സമയം ടിയാൻെറ കൈവശത്തിൽ നിലവിലുള്ള തരത്തിലുള്ള 3 കാപ്സ്യൂളുകൾ കൊണ്ടു വന്നിരുന്നുവെന്നും അതിൽ 2 കാപ്സ്യൂളുകൾ വിദേശത്തു നിന്നും പറഞ്ഞുറപ്പിച്ച പ്രകാരം എയർപോർട്ടിനടുത്തുള്ള പള്ളിയിൽ വെച്ച് കറുത്ത പാൻറും വെള്ള ഷർട്ടും ധരിച്ച താടിയുള്ള ഒരാൾക്ക് കൈമാറിയെന്നും അതിൽ ബാക്കിയുള്ളതാണ് ടിയാൻെറ കൈവശം ഉള്ളതെന്നും പറഞ്ഞുവെന്നും ടി കാപ്സ്യൂൾ ഇൻവെസ്റ്റിഗേഷൻ കിറ്റിലെ ത്രാസ്സിൽ വെച്ച് തൂക്കി നോക്കിയതിൽ 350 gm കാണപ്പെട്ടിട്ടുള്ളതാണ്. ശേഷം ടിയാൻമാരെ സ്റ്റേഷനിൽ എത്തിച്ച് വിശദമായി പരിശോധിച്ചിട്ടുള്ളതും ടിയാൻെറ കൈവശത്തിൽ കാണപ്പെട്ട 350 gm കാപ്സ്യൂൾ രൂപത്തിലുള്ള സ്വർണ്ണ മിശ്രിതം 16.00 മണിക്ക് അംഗീകൃത ഗോൾഡ് അപ്രൈസർ ഉണ്ണികൃഷ്ണൻ എന്നയാളുടെ അടുത്ത് ഹാജരാക്കിയത് ടിയാൻ തൂക്കിയതിൽ **350 ഗ്രാം** ഉണ്ടെന്ന് ബോധ്യമായിട്ടുള്ളതും ടി സ്വർണ്ണം ഉരുക്കി സ്വർണ്ണ കട്ടിയാക്കി തൂക്കിയതിൽ **329.7 ഗ്രാം** സ്വർണ്ണം കാണപ്പെട്ടിട്ടുള്ളതുമാണ്. ആയത് 16.50 മണിക്ക് സീഷർ മഹസ്സർ പ്രകാരം ബന്തവസിലെടുത്ത് ശേഷം അബ്ദുൾ സമദ് എന്നയാളെ ബഹു കോടതിയോ പോലീസോ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാകണമെന്ന വ്യവസ്ഥയിൽ കച്ചീട്ടിൽ ബന്ധുക്കൾക്ക് വിട്ടു നൽകിയിട്ടുള്ളതാണ്.

ശേഷം സ്വർണ്ണ കട്ടിയും ടിയാൻെറ കൈവശത്തിൽ കാണപ്പെട്ട മൊബൈൽ ഫോൺ, ബോഡി പാസ്സ്, X 5905397 നമ്പർ ഇൻഡ്യൻ പാസ്സ് പോർട്ട് എന്നിവ u/s 102 CrPC റിപ്പോർട്ട് സഹിതം Form 15, Form

151(A) പ്രകാരം  ബഹു JFCM മലപ്പുറം കോടതി മുമ്പാകെ തുടർ നടപടികൾക്കായി സമർപ്പിച്ചിട്ടുള്ളതും ആയത് CMP 2808/23 ആയി ബഹു കോടതി സ്വീകരിച്ചിട്ടുള്ളതുമാണ്.